KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank | Vol.1 | Issue.10 | December 2021

## കേരള ബാങ്കിന്റെ പ്രഥമ പൊതുയോഗം ഓൺലൈനായി നടന്നു




കേരള ബാങ്ക് പ്രഥമ വാർഷിക പൊതുയോഗത്തിൽ ബാങ്ക് പ്രസിഡന്റ്, ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ ഹെഡ് ഓഫീസിൽ നിന്ന് ഓൺലൈനായി യോഗ പ്രതിനിധികളെ അഭിസംബോധന ചെയ്യുന്നു. ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ, ശ്രീ. വി. രവീന്ദ്രൻ, ബാങ്ക് ഡയറക്ടർ, ശ്രീ.എസ്. ഹരിശങ്കർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ.പി.എസ്.രാജൻ, ചീഫ് ജനറൽ മാനേജർ, ശ്രീ.കെ.സി. സഹദേവൻ എന്നിവർ സമീപം



കേരള ബാങ്ക് പ്രഥമ വാർഷിക പൊതുയോഗത്തിൽ 13 ജില്ലയിലെ പ്രതിനിധികൾ ഓൺലൈനായി പങ്കെടുക്കുന്നു

കേരള സംസ്ഥാന സഹകരണ ബാങ്ക് 13 ജില്ലാ സഹകരണ ബാങ്കുകളുമായി ലയിച്ച് കേരള ബാങ്ക് ആയതിന് ശേഷമുള്ള പ്രഥമ വാർഷിക പൊതുയോഗം 09.12.2021-ന് ഓൺലൈനായി ചേർന്നു. ബാങ്ക് ഹെഡ് ഓഫീസിൽ പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ അധ്യക്ഷനായ യോഗത്തിൽ 13 ജില്ലാ കേന്ദ്രങ്ങളിൽ അതാതു ജില്ലയിലെ അംഗ സംഘങ്ങളുടെ പ്രതിനിധികൾ പങ്കു ചേർന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് പൊതുയോഗം നടത്തിയത്. കാലോചിതമായ മാറ്റം ബാങ്കിൽ വരുത്തണം എന്ന ലക്ഷ്യത്തോടെ ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ മേഖലയാകെ ലഭ്യമാക്കുന്നതിനുള്ള സമഗ്രമായ ഐടി സംയോജന പദ്ധതിയ്ക്ക് രൂപം നൽകിയെന്നും ബാങ്കിന്റെ ശാഖകൾ മാത്രമല്ല ബാങ്കിന്റെ ഉടമകളായ പ്രാഥമിക സഹകരണ ബാങ്കുകളുടെയും 51 അർബൻ സഹകരണ ബാങ്കുകളുടെയും കൂടി സംയോജനം ലക്ഷ്യമാക്കി അതിവേഗതയിൽ ആധുനികവത്കരണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും പ്രസിഡന്റ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. 01.04.2019 മുതൽ 31.03.2020 വരെയും 01.04.2020 മുതൽ 31.03.2021 വരെയുള്ള പ്രവർത്തന റിപ്പോർട്ടും, മേൽ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും 2021-22, 2022-23 വർഷത്തേയ്ക്കുള്ള ബഡ്ജറ്റും യോഗത്തിൽ അവതരിപ്പിച്ച് ഐകകണ്ഠ്യേന പാസ്സാക്കി.

## മിനിസ്റ്റേഴ്സ് ട്രോഫിക്കുള്ള 'Be the number one' ക്യാമ്പയിൻ



സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി കേരള ബാങ്കിനെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ, എല്ലാ ജീവനക്കാരുടെയും, ഭരണസമിതി അംഗങ്ങളുടെയും പൂർണ പങ്കാളിത്തത്തോടെ ആരംഭിച്ച ക്യാമ്പയിനാണ് 'Be the number one'.

ഒന്നിച്ചു പ്രവർത്തിച്ചാൽ കേരള ബാങ്കിനെ ഒന്നാമതാക്കാം എന്ന ദൃഢനിശ്ചയത്തോടെ ഓരോ ജീവനക്കാരനും മുന്നോട്ടു വരേണ്ട അവസരമാണിത്.

സാധാരണ പൊതുമേഖലാ ബാങ്കിംഗ് സമ്പ്രദായത്തിൽ നിന്ന് തികച്ചും വ്യത്യസ്തവും ശ്രേഷ്ഠവുമാണ് സഹകരണ മേഖലയിലെ ബാങ്കിംഗ് സമ്പ്രദായവും പ്രവർത്തന രീതിയും എന്ന വസ്തുത നാം മനസ്സിലാക്കണം. നമ്മുടെ അദ്ധ്വാനത്തിന്റെ ഫലം ഈ നാടിനും നാം ഓരോരുത്തരും ഉൾപ്പെടുന്ന ജീവനക്കാർക്കുമാണെന്ന തിരിച്ചറിവോടെ പ്രവർത്തിച്ചാൽ നമുക്ക് അഭിമാനത്തോടെ സന്തോഷത്തോടെ ഈ ക്യാമ്പയിന്റെ ഭാഗമാകാൻ സാധിക്കും.

കേരള ബാങ്ക് രൂപീകരണത്തിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 29-11-2021 ന് ആരംഭിച്ച് നാലു മാസം നീണ്ടുനിൽക്കുന്ന കേരളം മുഴുവൻ നിറഞ്ഞുനിൽക്കുന്ന അതിബൃഹത്തായ ഒരു പ്രചാരണ മുന്നേറ്റ പരിപാടിയാണ് 'Be the number one'.

ക്യാമ്പയിന്റെ ഭാഗമായി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ശാഖ, CPC, RO കൾക്ക് 4 മാസത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ മിനിസ്റ്റേഴ്സ് ട്രോഫി നൽകുന്നതായിരിക്കും.

നിഷ്ക്രിയ ആസ്തി (NPA) യിലുള്ള കുറവ്, ബിസിനസ് വളർച്ച, CASA നിക്ഷേപത്തിലുള്ള വർദ്ധനവ്, CASA നിക്ഷേപത്തിന്റെ എണ്ണത്തിലുള്ള വർദ്ധനവ്, ഗോൾഡ് ലോണിലുള്ള വർദ്ധനവ്, നിക്ഷേപത്തിലുള്ള വർദ്ധനവ്, വായ്പാ വർദ്ധനവ്, പൊതുജനങ്ങളുടെ ഇടയിൽ ബാങ്കിന്റെ ഇമേജ് വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ, മറ്റു വികസന പ്രവർത്തനങ്ങൾ ഇവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ കണ്ടെത്തുന്നത്.

സംസ്ഥാനതലത്തിൽ മികച്ച ജില്ലയ്ക്ക് 3 ലക്ഷം രൂപയുടെ ക്യാഷ് അവാർഡാണ് ലഭിക്കുന്നത്. സംസ്ഥാനതലത്തിൽ മികച്ച ശാഖയ്ക്ക് 2 ലക്ഷം രൂപയുടെയും, ജില്ലാതലത്തിൽ മികച്ച ശാഖയ്ക്ക് 50,000 രൂപയുടെയും ക്യാഷ് അവാർഡ് നൽകുന്നതാണ്.

ടാർജറ്റ് നേടുക എന്നത് മാത്രമല്ല, ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്. ഹെഡ്ഓഫീസ് മുതൽ ശാഖാതലം വരെയുള്ള എല്ലാ മേഖലയിലെയും ജീവനക്കാരുടെ ആത്മാർത്ഥമായ സഹകരണവും ലക്ഷ്യബോധവുമാണ് കേരള ബാങ്കിന് ആവശ്യം.

ക്യാമ്പയിന്റെ ഭാഗമായി 2021 ഡിസംബർ മാസം 29, 30 തീയതികളിൽ കോവളം കേരള ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ വച്ച് ഭരണസമിതി അംഗങ്ങൾ, ബോർഡ് ഓഫ് മാനേജ്മെന്റ് മെമ്പർമാർ, ജനറൽ മാനേജർമാർ, റീജിയണൽ ജനറൽ മാനേജർമാർ, CPC കളിലെ ഡെപ്യൂട്ടി ജനറൽ മാനേജർമാർ, ചീഫ് ഫിനാൻഷ്യൽ ഓഫീസർ, ചീഫ് റിസ്ക് ഓഫീസർ, ഹെഡ് ട്രഷറി, എന്നിവരെ പങ്കെടുപ്പിച്ച് ദ്വിദിന ശില്പശാല നടത്തുകയുണ്ടായി.

കൂടാതെ ബാങ്കിലെ മുഴുവൻ ജീവനക്കാരെയും പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ ജില്ലകളിലും Be The Number One ക്യാമ്പയിന്റെ ഭാഗമായുള്ള മീറ്റിംഗ് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

6000 ഓളം വരുന്ന ജീവനക്കാരും ഭരണസമിതി അംഗങ്ങളുമാണ് ഈ ബാങ്കിന്റെ ശക്തി. സഹകരണ തന്മയത്വവും, ജനകീയതയും ഉയർത്തിപ്പിടിച്ചുകൊണ്ട് എന്നും ഒന്നാമതായിരിക്കാൻ നമുക്ക് ഒന്നിച്ച് മുന്നേറാം.

**ഗോപി കോട്ടമുറിയ്ക്കൽ**

പ്രസിഡന്റ്

NABARD

Published with assistance from NABARD under Co-operative Development Fund

# കേരള ബാങ്ക്: ഐ.ടി ഇന്റഗ്രേഷൻ - പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു



പുതിയ ഏകീകൃത ഡിജിറ്റൽ ബാങ്കിംഗ് പ്ലാറ്റ്ഫോമിലേക്ക് മാറുന്നതിന്റെ ഭാഗമായി രൂപീകരിച്ച കേരള ബാങ്കിന്റെ ഐ.ടി. ഇന്റഗ്രേഷൻ -പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) എറണാകുളം കാക്കനാട് പ്രവർത്തനം ആരംഭിച്ചു. ഐ.ടി. ഇന്റഗ്രേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സഹകരണ വകുപ്പ് സെക്രട്ടറി, ശ്രീമതി. മിനി ആന്റണി ഐഎഎസ് ഉദ്ഘാടനം ചെയ്തു. കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു.

ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ. പി.എസ്.രാജൻ ഐടി ഇന്റഗ്രേഷൻ പദ്ധതി വിശദീകരിച്ചു. ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ, ശ്രീ .വി .രവീന്ദ്രൻ, ഡയറക്ടർ ബോർഡ് മെമ്പർമാരായ ശ്രീ.എം.സത്യപാലൻ, ശ്രീ.എസ്.ഹരിശങ്കർ, ചീഫ് ജനറൽ മാനേജർ, ശ്രീ.കെ.സി.സഹദേവൻ, ഐടി ജനറൽ മാനേജർ, ശ്രീ.രാജേഷ് എ.ആർ., റീജിയണൽ ജനറൽ മാനേജർ, ശ്രീ.ജോളി ജോൺ, കോർപ്പറേറ്റ് ബിസിനസ്സ് ഓഫീസ് ജനറൽ മാനേജർ, ഡോ.എൻ.അനിൽകുമാർ എന്നിവർ സംസാരിച്ചു.

പ്രമുഖ സിസ്റ്റം ഇന്റഗ്രേറ്റിംഗ് സേവനദാതാക്കളായ വിപ്രോയുടെ ഐടി വിദഗ്ധരും കേരള ബാങ്ക് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന പ്രത്യേക സംഘമാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് നേതൃത്വം നൽകുന്നത്.ലോകപ്രശസ്ത സോഫ്റ്റ് വെയർ കമ്പനിയായ ഇൻഫോസിസിന്റെ 'ഫിനക്കിൾ' എന്ന ബാങ്കിംഗ് സോഫ്റ്റ് വെയറാണ് കോർ ബാങ്കിംഗിനായി കേരള ബാങ്കിന് ലഭ്യമാകുന്നത്. സഹകരണ മേഖലയിൽ ഫിനക്കിളിന്റെ ഏറ്റവും ആധുനികമായ വേർഷൻ ഉപയോഗിക്കുന്ന രാജ്യത്തെ ആദ്യ ബാങ്ക് കൂടിയാണ് കേരള ബാങ്ക്.

# കരകുളം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനമികവ് കാർഷിക മേഖലയിലേയ്ക്കും



കാർഷകരുടെയും കർഷക തൊഴിലാളികളുടെയും നിറസാന്നിദ്ധ്യമുള്ള" കർഷക പഞ്ചായത്താണ്" തിരുവനന്തപുരം ജില്ലയിലെ കരകുളം . കാർഷിക പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കാൻ കരകുളം SCB 'കാസ്കോ വില്ലേജ്' എന്ന നൂതന പദ്ധതിക്ക് തുടക്കം കുറിച്ചു.

'ഹരിത ടൂറിസം ' എന്ന യാഥാർത്ഥ്യത്തിലേയ്ക്ക്, കരകുളം സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ കൃഷിഭൂമിയെ പ്രയോജനപ്പെടുത്തുന്നു. എല്ലാതരം കാർഷിക വിളകളും മത്സ്യകൃഷിയും മിനറൽ വാട്ടർ മിനിപദ്ധതിയും മൂല്യവർദ്ധിത ഉൽപാദന കേന്ദ്രങ്ങളും മുൻകൂട്ടിയുള്ള അനുവാദത്തോടെ താമസിക്കുവാനൊരിടവും ഉൾപ്പെടുന്ന ബൃഹത്തായ ഹരിത ടൂറിസം പദ്ധതിയാണിത്. കേരള ബാങ്കിന്റെയും നബാർഡിന്റെയും വായ്പാ സഹായത്തോടെയാണ് കരകുളം പഞ്ചായത്തിലും പുറത്തും സ്വീകാര്യത നേടിയ ഈ പദ്ധതി നടപ്പിലാക്കുന്നത്.

കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് സ്വീകരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളായി ബാങ്കിന്റെ 'കാസ്കോ' എന്ന പൊതുനാമധേയത്തിൽ വിപണിയിലെത്തിച്ച് കർഷകരായ അംഗങ്ങൾക്കും അല്ലാത്തവർക്കും സ്വയംപര്യാപ്തത ഉറപ്പാക്കുകയാണ് കരകുളം SCB-യുടെ ഈ സംരംഭം. കുടുംബശ്രീയെയും മറ്റു കൂട്ടായ്മകളെയും മുന്നിൽനിർത്തി ഉൽപാദന മേഖലയിൽ ചലനം സൃഷ്ടിച്ചുകൊണ്ട് 'സ്വയം പര്യാപ്തത സഹകരണബാങ്കിലൂടെ ' എന്ന വർത്തമാനകാല ചിന്ത യാഥാർത്ഥ്യത്തിലെത്തിക്കുകയാണ് കരകുളം സർവീസ് സഹകരണ ബാങ്ക്.

8 ശാഖകളും 352 കോടി രൂപ നിക്ഷേപവും 259 കോടി രൂപ വായ്പ വിതരണവുമുള്ള ഏഴ് പതിറ്റാണ്ടിന്റെ തിളക്കമാർന്ന ചരിത്രമാണ് കരകുളം സർവീസ് സഹകരണ ബാങ്കിനുള്ളത്. 1950-ൽ കരകുളം വിവിധോദ്ദേശ സഹകരണ സംഘം (ക്ലിപ്തം) മായി പ്രവർത്തനമാരംഭിച്ച ബാങ്ക് ഇന്ന് അത്യാധുനിക സൗകര്യമുള്ള കൺവെൻഷൻ സെന്ററിന്റെ നിർമമാണപ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. കൂടാതെ സാങ്കേതികവിദ്യ സംവിധാനം സഹകാരികൾ പ്രയോജനപ്പെടുത്തുന്ന വെർച്വൽ സിസ്റ്റം ബാങ്ക് നടപ്പിലാക്കി കഴിഞ്ഞു. ന്യൂജനറേഷൻ ബാങ്കിനെക്കാൾ സേവന തൽപരത ഉറപ്പാക്കിയ ബാങ്കിന് 2020-ൽ കേരള സർക്കാരിന്റെ ബെസ്റ്റ് പെർഫോമൻസിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്. നിലവിൽ ശ്രീ. എൻ. ശങ്കരൻ നായർ പ്രസിഡണ്ടും ശ്രീ.ബി.ബിജു സെക്രട്ടറിയുമാണ്.



# കേരള ബാങ്ക് പ്രചോദന ഗീതം

മുന്നിൽ നടക്കുന്ന നാട്
എനിക്കിഷ്ടമാണെന്നുമെൻ നാട്...
ഒരുമയ്ക്ക് പെരുമയായ്
കൈകോർത്ത് നിൽക്കുന്ന
കേരളമാണെന്റെ നാട്...(2)

നാട്ടുണരുന്നു.. നാട്ടുയരുന്നു..(2)
ഈ നാടിൻ സ്വപ്നം സിരകളിലോടും
കേരള ബാങ്കുയരുന്നു.(2)
കേരള ബാങ്കുയരുന്നു (2)

മണ്ണിന്റെ ഗന്ധം...
നാട്ടുപച്ച നിറഞ്ഞൊഴുകുന്ന
മലയാളത്തിൻ മനസ്സ്..
നാടിനായ്..നന്മയായ്....
കാവലായ്... കരുതലായ്..
നവകേരളത്തിന്റെ ബാങ്ക്...

ദുരിത പർവ്വങ്ങളിൽ
സാന്ത്വന സ്പർശമായ്
നെഞ്ചോട് ചേർക്കുന്ന ബാങ്ക്
അതിജീവനത്തിന്റെ ബാങ്ക്...

കരുത്താണ് കേരള ബാങ്ക്...
കരളുറപ്പാണ് കേരള ബാങ്ക്....(2)

ഒരുമിച്ചുയരാൻ ഒന്നായ് വളരാൻ
സഹയാത്രികരാവാം
നമുക്ക് സഹയാത്രികരാവാം
നേരിൻ രഥ്യയിൽ
കർമ്മോത്സുകരായ്
മുന്നേറുക നാം ..(2)
എന്നും മുന്നേറുക നാം...

കരുത്താണ് കേരള ബാങ്ക്...
കരളുറപ്പാണ് കേരള ബാങ്ക്....(2)

# കേരള ബാങ്ക് ശില്പശാല സഹകരണ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു







പ്ലാനിംഗ് ബോർഡ് സഹകരണ മേഖലയെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും സമന്വയിപ്പിച്ച് ഭാവി കേരളത്തിന്റെ സാമ്പത്തിക ഭദ്രതയും തൊഴിൽ സാധ്യതയും കാർഷിക മേഖലയിലുള്ള പുരോഗതിയും ഉറപ്പാക്കാൻ കഴിയുന്ന ഭാവനാസമ്പന്നമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സഹകരണ വകുപ്പ് മന്ത്രി, ശ്രീ.വി.എൻ.വാസവൻ.

കേരള ബാങ്കിനെ കേരളത്തിലെ ഒന്നാമത്തെ ബാങ്കാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന “Be the Number One” ക്യാമ്പയിന്റെ ഭാഗമായി കോവളത്തെ കേരള ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജിൽ വച്ച് നടത്തിയ രണ്ടു ദിവസത്തെ ശില്പശാല 29.12.2021-ന് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, കേരള ബാങ്കും, സംഘങ്ങളും ചേർന്ന് ഇത്തരം പദ്ധതികൾ നടപ്പിലാക്കി മുന്നോട്ടു പോകുന്ന സ്ഥിതിയുണ്ടാകണമെന്ന് മന്ത്രി പറഞ്ഞു. ഒന്നാം നമ്പർ ബാങ്കാകാൻ പരിശ്രമിക്കുന്ന കേരള ബാങ്ക് ബിസിനസ് വർദ്ധിപ്പിക്കണമെന്നും അതിന് സർക്കാരിന്റെ ഭാഗത്ത് നിന്ന് എല്ലാ സഹായവുമുണ്ടാകുമെന്നും മന്ത്രി ഉറപ്പു നൽകി.

ചടങ്ങിൽ ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ അധ്യക്ഷത വഹിച്ചു. കേരള ബാങ്കിലെ എല്ലാ വിഭാഗം ജീവനക്കാരെയും ഒരു പോലെ അണിനിരത്തി കൊണ്ട് ഈ ദൗത്യം വിജയകരമാക്കുക എന്നതാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. അവസാന ദിവസം വരെ വിശ്രമമില്ലാതെ ഒന്നിച്ച് നിൽക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

31.03.2022 വരെ നീണ്ടുനിൽക്കുന്ന ക്യാമ്പയിന്റെ ഭാഗമായി ബിസിനസ് സ്ട്രാറ്റജി ആസൂത്രണവും, ജീവനക്കാർക്ക് പരമാവധി പ്രോത്സാഹനവും നൽകാനായിട്ടുള്ള പദ്ധതികൾക്ക് ശില്പശാല രൂപം നൽകി.

ബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങളും, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങളും ഉന്നത ഉദ്യോഗസ്ഥരുമാണ് രണ്ടു ദിവസത്തെ ശില്പശാലയിൽ പങ്കെടുത്തത്.

KERALA BANK
'Be The Number One'

# ബാങ്ക് ഹെഡ് ഓഫീസിലെ ക്രിസ്തുമസ് - ന്യു ഇയർ ആഘോഷം














Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905